പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.237 | 28.01.2019 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ; | (എ)<br>&<br>(ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട്, മങ്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ നഴ്സസ് പ്രീ ചെക്കിംഗ്, ശ്വാസംമുട്ട്, ആസ്മ എന്നിവയ്ക്കുള്ള 'ശ്വാസ് ക്ലിനിക്' മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' എന്നിവയും പ്രവർത്തിച്ചു വരുന്നു.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ പറളി സാമൂഹികാരോഗ്യ കേന്ദ്രത്തെയും കാഞ്ഞിരപ്പുഴ, കാരാക്കുറിശ്ശി, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഉത്തരവായിട്ടുണ്ട്. 2017-18 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കാഞ്ഞിരപ്പുഴ, മണ്ണൂർ എന്നീ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ വീതവും പറളി പി.എച്ച്.സി., കാരാക്കുറിശ്ശി പി.എച്ച്.സി.എന്നിവയ്ക്ക് എൻ.എച്ച്.എം.മുഖേന 16.60 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.<br><br>നിലവിൽ ബ്ലോക്ക്തല സി.എച്ച്.സി.കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇതിന്റെ ഭാഗമായി, കോങ്ങാട് സി.എച്ച്.സി.യിൽ മുൻപ് ഉണ്ടായിരുന്ന കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ